വാരികകളുടെ നിരോധനം

*൫൭. (൭൨) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) 'ചിത്രോദയം', 'പ്രബോധിനി', 'നേതാജി', 'ധീരൻ' എന്നീ നാലുവാരികകളുടെ പ്രസിദ്ധീകരണം ഗവൺമെൻറ് നിരോധിക്കയുണ്ടായിട്ടുണ്ടോ;

(ബി) പത്രോപദേശ സമിതിയുടെ ശുപാർശ ഇക്കാര്യത്തിൽ ഗവൺമെൻറിനുണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത വാരികകളെ നിരോധിച്ചുകൊണ്ടുള്ള കൽപ്പന എത്രതീയതിയിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ)

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ൧൯൪൯ ഫെബ്രുവരി ൧൫-ാംതീയ്യതി പ്രസ് ഉടമസ്ഥന്റെയും പ്രസാധകന്റെയും മാറ്റത്തോടുകൂടി 'ധീരൻ' വാരികയുടെ കാര്യത്തിൽ വീണ്ടും മറ്റു കൽപ്പന ൧൯൪൯ ഫെബ്രുവരി ൧൬-ാംതീയ്യതി പുറപ്പെടുവിച്ചിട്ടുണ്ട്.

പത്രോപദേശകസമിതി

*൫൮. (൭൯) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നിലവിലുള്ള പത്രോപദേശകസമിതിയിൽ എത്ര മെമ്പറന്മാരാണുള്ളത്;

(ബി) അവരിൽ പത്രാധിപന്മാരുടെ പ്രതിനിധികൾ എത്ര;

(സി) അവർ ആരെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൯.

(ബി) ൭.

(സി) ൧. ശ്രീ. എ. വി. ജോർജ്ജ് മാനേജിംഗ് എഡിറ്റർ, 'കേരളശബ്ദം', കോട്ടയം.

൨. ശ്രീ. കെ. ഗോപാലപിള്ള, പത്രാധിപർ, 'മലയാളരാജ്യം', കൊല്ലം

൩. ശ്രീ. എ. കെ. ഭാസ്കർ, പത്രാധിപർ, 'നവഭാരതം', തിരുവനന്തപുരം.

൪. ശ്രീ. എം. എൽ. ശിവരാമൻനായർ, പത്രാധിപർ, 'ദീനബന്ധു', എറണാകുളം.

൫. ശ്രീ. റെവറണ്ട് ഫാദർ. വെളുത്തേടത്തു, പത്രാധിപർ, 'മലബാർമെയിൽ', എറണാകുളം.

൬. ശ്രീ. തോമസ് ചെറിയാൻ, പത്രാധിപർ, 'കേരള പത്രിക', എറണാകുളം.

൭. ശ്രീ. പോക്കാട്ട രാഘവൻ പിള്ള, പത്രാധിപർ, 'ധർമ്മദേശം', തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly